(ബി) ഉൾനാടൻ ജലഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കോവളം മുതൽ നടയറവരെയുള്ള കനാലിൽ വിനോദസഞ്ചാരികൾക്കുവേണ്ടി ചെറിയ ബോട്ട് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വർക്കല ഗസ്റ്റ് ഹൗസിനോട് ചേർന്നുള്ള നാലുകെട്ടും മറ്റും ഉപയോഗപ്പെടുത്തി കലാസാംസ്കാരിക കേന്ദ്രംകൂടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർക്കല സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി ക്ലിഫിൽ ഫെൻസിംഗ് നടത്തുകയും, ബീച്ചിൽ ലൈറ്റുകൾ സ്ഥാപിക്കുകയും നടപ്പാത വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വർക്കലയുടെ സമഗ്ര വികസനത്തിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് നിർദ്ദേശം നൽകുന്നതാണ്.

(ബി) കോവളം മുതൽ കൊല്ലം വരെയുള്ള കനാലിൽ വിനോദസഞ്ചാരികൾക്കുവേണ്ടി ഹൗസ് ബോട്ടുകൾ ഉൾപ്പെടെ ബോട്ട് സർവ്വീസുകൾ തുടങ്ങുന്നതിന് വേണ്ടി കനാൽ വികസിപ്പിക്കുവാൻ പരിപാടിയുണ്ട്. ഇറിഗേഷൻ വകുപ്പുമായി സഹകരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. 'നാറ്റ്പാക്ക്' ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. ആദ്യഘട്ടമായി കോവളം മുതൽ വേളിവരെയുള്ള കനാൽ അടുത്ത സാമ്പത്തികവർഷം തന്നെ വികസിപ്പിക്കാനാവുമെന്ന് കരുതുന്നു.

(സി) വർക്കല ഗസ്റ്റ് ഹൗസിനോട് ചേർന്ന് കലാസാംസ്ക്കാരിക കേന്ദ്രം ആരംഭിക്കുവാനുള്ള തീരുമാനം എടുത്തിട്ടില്ല.

മലബാർ പ്രദേശത്തെ ടൂറിസ്റ്റ് വികസനം

126(867)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ പ്രദേശത്ത് ടൂറിസം വികസിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വ്യവസായ രംഗത്ത് എന്തൊക്കെ പദ്ധതികൾ ആരംഭിച്ചു;

(സി) പ്രസ്തുത ജില്ലകളിൽ "ഇക്കോ ടൂറിസം" പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തികവർഷം മലപ്പുറം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് ഒരു മിനിബസ് വാങ്ങുവാൻ ധനസഹായം നൽകുകയുണ്ടായി. കൂടാതെ ഇൻഫർമേഷൻ കൗണ്ടറിനും, ഡി.റ്റി.പി.സി ഓഫീസിന്റെ നിർമ്മാണത്തിനും ടൂറിസം വകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം, കോഴിക്കോട്, കാസറഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതിയും ധനസഹായവും നൽകിയിട്ടുണ്ട്.

	ജില്ല	പദ്ധതിയുടെ പേര്
1.	മലപ്പുറം	- ബോട്ട് ജെട്ടിയുടെ നിർമ്മാണം, പെഡൽബോട്ട്
	മലപ്പുറം	- കടലുണ്ടിയിലും കീരനല്ലൂരിലും ബോട്ട്
		- ജെട്ടിയുടെ നിർമ്മാണം
	മലപ്പുറം	- മിനിബസ്
		- ഇൻഫർമേഷൻ കൗണ്ടർ, ഡി.റ്റി.പി.സി. ഓഫീസ്
2.	കോഴിക്കോട്	- അക്വേറിയം
	കോഴിക്കോട്	- കളിപ്പൊയ്ക
	കോഴിക്കോട്	- മിനിബസ്
	കോഴിക്കോട്	- ഹൗസ്ബോട്ട്
	കോഴിക്കോട്	- അക്വാട്ടിക് റിക്രിയേഷൻ സെന്റർ
	കോഴിക്കോട്	- തുഷാരഗിരിയുടെ വികസനം
3.	കാസർഗോഡ്	- ബേക്കൽ ഫോർട്ടിന്റെ അടിസ്ഥാനസൗകര്യം
		- മുനിസിപ്പൽ പാർക്കിന്റെ വികസനം
		- ചന്ദ്രഗിരി ബോട്ട്ക്ലബിന്റെ നിർമ്മാണം
4.	കണ്ണൂർ	- കണ്ണൂരിൽ സമഗ്രടൂറിസം വികസനത്തിനുള്ള പദ്ധതി
		- പഴശ്ശി ഗാർഡന്റെ വികസനം
		- കായലോര ടൂറിസം വികസനം
		- ധർമ്മടം, മുഴപ്പിലങ്ങാട്, പയ്യാമ്പലം സ്ഥലമെടുപ്പും മറ്റ് അടിസ്ഥാന സൗകര്യങ്ങളും
5.	വയനാട്	- മിനിബസ്
		- മൾട്ടിമീഡിയഷോ, വയനാട്
		- പഴശ്ശി മെമ്മോറിയൽ- മാനന്തവാടിയുടെ വികസനം
		- ചിൽഡ്രൻസ് പ്ലേഗ്രൗണ്ട്
		- കറലാട്ട് തടാകത്തിന്റെ വികസനം

ഇതുകൂടാതെ കേന്ദ്രധന സഹായത്തോടെ വിവിധ പദ്ധതികൾ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

വയനാട് ജില്ലയിലെ തിരുനെല്ലിയിൽ ഒരു യാത്രിനിവാസ് നിർമ്മിക്കുക, വൈത്തിരിയിൽ ഒരു ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ ആരംഭിക്കുക, കോഴിക്കോട് മലപ്പുറം ജില്ലകളിൽ ഓരോ യാത്രിനിവാസ് നിർമ്മിക്കുക, കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലും, കാസർഗോഡ് ജില്ലയിലെ നീലേശ്വ

LIBRARY ARCHIVES Kerala Legislative Assembly

രത്തും ഉപയോഗിക്കുന്നതിന് ഹൗസ്ബോട്ടുകൾ വാങ്ങുക, മലബാർ ധോയുടെ നിർമ്മാണം മലബാർ മഹോത്സവം എന്നിവയാണ് മറ്റു പദ്ധതികൾ.

(സി) എക്കോ - ടൂറിസം പ്രസ്തുത ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

കെ.ടി.ഡി.സി ബിയർ പാർലറുകൾ

127(868) ശ്രീ. എ.സി. ഷൺമുഖദാസ് :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ടി.ഡി.സി വിവിധ പ്രദേശങ്ങളിൽ നടത്തിക്കൊണ്ടിരുന്ന ബിയർ പാർലറുകളും റസ്റ്റോറണ്ടുകളും പൂട്ടുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ എത്രയാണെന്നും ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(സി) ഇവ പൂട്ടാനുള്ള തീരുമാനം പുന:പരിശോധിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിൽനിന്ന് കോർപ്പറേഷന് നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്നതും വാടകകെട്ടിടങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്നതും ആയ ഏതാനും യൂണിറ്റുകൾ തുടരേണ്ടതില്ല എന്ന നിർദ്ദേശം കെ.ടി.ഡി.സി യുടെ പരിഗണനയിലുണ്ട്.

(ബി) ഏതൊക്കെ യൂണിറ്റുകളാണ് നിറുത്തേണ്ടത് എന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) രണ്ട് യൂണിയനുകളിൽനിന്നും നിവേദനം ലഭിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. ഇതിൻമേൽ തീരുമാനം കൈക്കൊള്ളേണ്ടത് കെ.ടി.ഡി.സി യുടെ ഡയറക്ടർ ബോർഡാണ് എന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനാൽ ഗവൺമെന്റിൽനിന്നും ഇതേവരെ പ്രത്യേക നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

ശ്രീ നാരായണപുരം ദേവസ്വ ക്ഷേത്രത്തിന് ടൂറിസം വകുപ്പിൽ നിന്നും ധനസഹായം നൽകുവാൻ നടപടി

128(869) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിലെ തണ്ണീർമുക്കം വടക്ക് വില്ലേജിലെ ചെറുവാരണം ശ്രീനാരായണപുരം ദേവസ്വക്ഷേത്രത്തിൽ ചിങ്ങം, കന്നി, ധനു, മകരം മാസങ്ങളിൽ നടത്തുന്ന ഉത്സവങ്ങളിൽ ക്ഷേത്രകലകൾക്ക് പ്രാമുഖ്യം കൊടുക്കുന്നതുകൊണ്ട് വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകൾ ആകർഷിക്കപ്പെടുന്നു എന്ന വസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly